## കോളജ് വിദ്യാഭ്യാസ വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

കോളജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - ലാസ്റ്റ്ഗ്രേഡ് ജീവനക്കാർക്ക് ക്ലാർക്ക് തസ്തികയിൽ തസ്തികമാറ്റ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

ഉത്തരവ് നമ്പർ:C2/22069/2020/DCEതിരുവനന്തപുരം തീയതി:21.08.2022

---

*പരാമർശം:*-1. 03.01.2014 ലെ സ.ഉ (പി ) നം .01/ 2014/ ഉ ഭ പ വ
2. 28.05.2015 ലെ സ. ഉ. (പി ) നം 16/ 2015/ ഉ ഭ പ വ
3. 21/ 01/ 2016 ലെ സി 2/ 3075/ 2014/ കോ വി വാ നം മുൻഗണനാ പട്ടിക
4. 06/ 07/ 2019 ലെ സി 1/ 3705/ 2014/ കോ വി വാ നം മുൻഗണനാ പട്ടിക
5. 17/02/2021, 21/07/2022 ലെ ഈ കാര്യാലയത്തിലെ ഇതേ നമ്പർ ഉത്തരവ്

**ഉത്തരവ്**

പരാമർശം 1 പ്രകാരം ക്ലാർക്ക് തസ്തികയിലുണ്ടാകുന്ന ഒഴിവുകളുടെ 10% അതാത് വകുപ്പിലെ ലാസ്റ്റ്ഗ്രേഡ് ജീവനക്കാർക്കും സബോർഡിനേറ്റ് സെർവീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും യോഗ്യതയുടെയും പ്രവേശന തസ്തികയിലെ സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ ക്ലാർക്ക് തസ്തികയിലേക്ക് തസ്തികമാറ്റം വഴി നിയമനം നൽകുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു . ആയതിലേക്കായി 2022 വർഷത്തിൽ വകുപ്പിൽ ഉണ്ടായ ക്ലാർക്ക് തസ്തികയിലെ ഒഴിവുകളിൽ ഒരു ഒഴിവ് മാറ്റിവച്ചിരുന്നു .

പരാമർശം 4 പ്രകാരം ക്ലാർക്ക് തസ്തികയിലേക്കുള്ള 10% തസ്തികമാറ്റം നൽകുന്നതിനായി ലാസ്റ്റ്ഗ്രേഡ് ജീവനക്കാരുടെ സംയോജിത മുൻഗണനാപട്ടിക പ്രസിദ്ധീകരിച്ചിരുന്നു .

പരാമർശം 4 മുൻഗണനാ പട്ടികയിലെ ക്രമനമ്പർ 10 ആയ ചവറ ബി ജെ എം ഗവണ്മെന്റ് കോളേജിലെ അറ്റൻഡർ ശ്രീ പ്രസാദ് ആർ , നെ (മുൻഗണനാ പട്ടികയിൽ 1 മുതൽ 3 വരെയും, ക്രമ നം5, ക്രമ നം 7,8,9 എന്നിവർക്കും പ്രൊമോഷൻ നൽകിയിട്ടുണ്ട് , ക്രമനമ്പർ 4,6 പ്രൊമോഷൻ സ്ഥിരമായി നിരസിച്ചിരുന്നു ) 26500 - 60700 രൂപ ശമ്പള സ്കെയിലിൽ ക്ലാർക്ക് തസ്തികയിലേക്ക് തസ്തികമാറ്റം നൽകി കാര്യവട്ടം ഗവണ്മെന്റ് കോളജിലെ നിലവിലെ ഒഴിവിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

മേൽ പരാമർശിച്ച ജീവനക്കാരൻ 14 ദിവസത്തിനകം നിലവിൽ ജോലിചെയ്യുന്ന സ്ഥാപനത്തിൽ നിന്നും വിടുതൽ വാങ്ങി ക്ലാർക്ക് തസ്തികയിൽ നിയമിച്ചിരിക്കുന്ന കാര്യാലയത്തിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ് . ടി ജീവനക്കാരന്റെ വിടുതൽ ചെയുന്ന വിവരം യഥാസമയം ബന്ധപ്പെട്ട മേധാവികൾ റിപ്പോർട്ട് ചെയ്യേണ്ടതാണ് .

Approval Valid

Digitally Approved By
സജിത്ത് കെ.ഐ
Date: 21.08.2022
Reason: Approved

Sd/-
സജിത്ത് കെ.ഐ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
0471-2303548
dir.colledn@kerala.gov.in

സ്വീകർത്താവ്,

ശ്രീ പ്രസാദ് ആർ, അറ്റൻഡർ, ബി ജെ എം ഗവണ്മെന്റ് കോളേജ്, ചവറ

പകർപ്പ്,

1. പ്രിൻസിപ്പാൾ, ബി ജെ എം ഗവണ്മെന്റ് കോളേജ് , ചവറ
2 പ്രിൻസിപ്പൽ , ഗവണ്മെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജ് , കാര്യവട്ടം
3 സി 4 സീറ്റ്
4 നടപ്പു ഫയൽ / കരുതൽ ഫയൽ